LIBRARY ARCHIVES Kerala Legislative Assembly

**ചടയമംഗലത്തെ കിൻഫ്ര ഫുഡ് പ്രൊഡക്ഷൻ സെന്റർ തുടങ്ങുന്നതിനുള്ള സർവ്വേ റിപ്പോർട്ട്**

16 (169) ശ്രീ. പ്രഭാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചടയമംഗലം നിയോജകമണ്ഡലത്തിൽ കുരിയോട് എം.സി. റോഡ് അരികിൽ ആലത്തറ മലപ്രദേശത്ത് കിൻഫ്രയുടെ നേതൃത്വത്തിൽ ഒരു ഫുഡ് പ്രൊഡക്ഷൻ സെന്റർ തുടങ്ങുന്നതിലേക്ക് സർവ്വേ നടത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ടോ ;

(ബി) റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലെങ്കിൽ ആയതിലേക്ക് വേണ്ട മേൽ നടപടികൾ സ്വീകരിക്കുമോ ;

(സി) പ്രസ്തുത പ്രദേശം പദ്ധതിക്ക് അനുകൂലമാണെങ്കിൽ അത് ആരംഭിക്കുന്നതിനായി തുടർനടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ഇല്ല. എന്നാൽ ഒരു സാധ്യതാ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. റിപ്പോർട്ട് പരിശോധിച്ചശേഷം ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

പ്രത്യാശ പദ്ധതി

16 (170) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർക്കാർ വിഭാവനം ചെയ്തിട്ടുള്ള 'പ്രത്യാശ പദ്ധതി' നടപ്പിൽ വരുത്തിയിട്ടുണ്ടോ; പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) പദ്ധതി പ്രകാരം സംസ്ഥാനത്ത് പ്രതിവർഷം എത്ര ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു;

(സി) പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര സംരംഭങ്ങൾ വ്യവസായ വകുപ്പിന് അപേക്ഷ നൽകി കാത്തിരിക്കുന്നു. സർക്കാർ സാമ്പത്തികമായി എന്തെല്ലാം സഹായങ്ങളാണ് ആ യൂണിറ്റുകൾക്ക് നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രഖ്യാപനം അനുസരിച്ച് സംസ്ഥാനത്ത് ഇതിനകം 'പ്രത്യാശ' പദ്ധതിയുടെ ഭാഗമായി സർക്കാർ എത്ര യൂണിറ്റുകൾക്ക് എന്തുതുക വെബ്വഴിച്ചു കഴിഞ്ഞിട്ടുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. 2005-06 സാമ്പത്തിക വർഷത്തിൽ 25000 ചെറുകിട വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനും തദ്വാരാ ഒരു ലക്ഷം പേർക്ക് തൊഴിലവസരങ്ങൾ ഉണ്ടാക്കുക എന്നതുമാണ് പ്രത്യാശാ പദ്ധതിയിലൂടെ വിഭാവനം ചെയ്തിട്ടുള്ളത്. ഈ പദ്ധതിയിലൂടെ സംരംഭങ്ങൾ തുടങ്ങുവാൻ താല്പര്യമുള്ളവരുടെ